I/5501545/2022

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നമ്പർ: ഡി3/57/2018-റവ

റവന്യൂ(ഡി) വകുപ്പ്

തിരുവനന്തപുരം, തീയതി: 21-11-2022

## കാരണം കാണിക്കൽ നോട്ടീസ്

ശ്രീ.കെ.പി.നസീർ എന്ന താങ്കൾ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ തഹസീൽദാരായി സേവനമനുഷ്ഠിക്കവെ, സർക്കാരിന്റെ ഭൂരഹിതരില്ലാത്ത കേരളം (Zero Landless Project) പദ്ധതിക്കായി അനുവദിച്ച തുക വ്യാജ ക്വട്ടേഷനുകളുടെയും, വ്യാജ വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം അപഹരിച്ചിട്ടുള്ളതാണ്.

1. പദ്ധതിയുടെ ഭാഗമായി ദേവികുളം താലൂക്കിലെ വിവിധ വില്ലേജുകളിൽ JCB, Tipper എന്നിവ ഉപയോഗിച്ച് ഭൂമി നിരപ്പാക്കൽ, മണ്ണ് മാറ്റൽ, വഴി തെളിക്കൽ എന്നീ ജോലികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിൽ പ്രക്കാട്ട് എർത്ത് മൂവേഴ്സ്, ശ്രീലക്ഷ്മി എർത്ത് മൂവേഴ്സ്, ശ്രീനിധി എർത്ത് മൂവേഴ്സ് എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ കിട്ടിയിട്ടുള്ളതായി കാണുന്നു. ഇവയിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീലക്ഷ്മി എർത്ത് മൂവേഴ്സിന് വർക്ക് നൽകി ദേവികുളം തഹസീൽദാർ 05.08.2015ൽ ഉത്തരവ് ഇറക്കിയിട്ടുള്ളതാണ്.

2. ഇത്തരത്തിൽ ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 05.08.2015-നാണെങ്കിലും, 02.08.2015 ന് തന്നെ വർക്ക് തുടങ്ങിയതായും, ക്വട്ടേഷനുകൾ 01.08.2015 എന്ന് തിരുത്തിയതായും കാണുന്നു.

3. ക്വട്ടേഷനുകളുടെ അടിസ്ഥാനത്തിൽ വർക്ക് നൽകപ്പെട്ട ശ്രീലക്ഷ്മി എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ.അജേഷ്.എ.ആർ എന്ന വ്യക്തിക്ക് പ്രസ്തുത പണികൾക്കായി 5,62,900/- രൂപ നൽകിയതായി രേഖകൾ പ്രകാരം വെളിവായിട്ടുള്ളതാണ്. എന്നാൽ ടിയാനെ നേരിൽ കണ്ട് അന്വേഷിച്ചതിൽ നിന്നും ഇപ്രകാരം തുക ടിയാൻ കൈപ്പറ്റിയിട്ടില്ലായെന്നും, റവന്യൂ ഡിപ്പാർട്ട്മെന്റിന് വേണ്ടി വർക്കുകളൊന്നും ചെയ്തിട്ടില്ലായെന്ന് അറിയിച്ചിട്ടുള്ളതുമാണ്.

4. മറ്റ് ക്വട്ടേഷനുകളെ കുറിച്ച് അന്വേഷിച്ചതിൽ പ്രക്കാട്ട് എർത്ത് മൂവേഴ്സ്, ശ്രീനിധി എർത്ത് മൂവേഴ്സ് എന്നീ സ്ഥാപനങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

5. JCB, Tipper എന്നിവ പ്രവർത്തിപ്പിച്ച വകയിൽ മൊത്തം 5,83,650/- രൂപയുടെ ബില്ലുകൾ ഫയലിൽ ലഭ്യമാണെങ്കിലും, 5,62,900/- രൂപ ശ്രീ.അജേഷ്.എ.ആർ എന്നവർക്ക് നൽകിയതായി മാത്രമേ കാണുന്നുള്ളു. ബിൽ പ്രകാരം മാറിയ 20750/- രൂപ ചിലവഴിച്ചതു സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

6. Skilltech Land Survey Edapally എന്ന സ്ഥാപനത്തിന്റെ പേരിൽ ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തിയതിലേക്ക് 49500/- രൂപ ദേവികുളം തഹസീൽദാർ അനുവദിച്ച് നൽകിയതായി കാണുന്നു. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ വ്യാജ രസീതുകൾ ചമച്ച് ടി തുക അപഹരിച്ചിട്ടുള്ളതാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതാണ്.

7. സീറോ ലാൻഡ് ലെസ് പദ്ധതിയുമായി ബന്ധപ്പെട്ട് ഓടിയതായി അവകാശപ്പെടുന്ന KL.06.5169, KL 06 3569, KL 06 1040 എന്നീ വാഹനങ്ങളുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയതിൽ പ്രസ്തുത വാഹനങ്ങൾ ഇത്തരത്തിൽ റവന്യൂ വകുപ്പിന് വേണ്ടി സർവ്വീസ് നടത്തിയിട്ടില്ലായെന്ന് അറിയിച്ചിട്ടുള്ളതാണ്. ആയതിൽ നിന്നും പ്രസ്തുത വാഹനത്തിന്റേതെന്ന് തോന്നിപ്പിക്കുന്ന വ്യാജ വൗച്ചറുകൾ തയ്യാറാക്കി യഥാക്രമം 3000/-രൂപ, 9200/- രൂപ, 3400/- രൂപ

1/5501545/2022

അപഹരിച്ചതാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതാണ്.

8. ശ്രീ.സന്തോഷ് കുമാർ.പി എന്നവർക്ക് താമസത്തിനായി 1650/-രൂപ അനധികൃതമായി അനുവദിക്കുകയുണ്ടായി.

മേൽ വിവരിക്കും പ്രകാരം സർക്കാർ ജീവനക്കാരെന്ന താങ്കളുടെ പദവി ദുരുപയോഗം ചെയ്ത് കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനും, സർക്കാർ പണം അപഹരിച്ചതിനും താങ്കൾക്കെതിരെ കെ.എസ്.ആർ ഭാഗം3 ചട്ടം 59(ഡി) പ്രകാരം നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. അപ്രകാരം താങ്കൾക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതിന് എന്തെങ്കിലും കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനകം രേഖമൂലം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ആയത് ലഭ്യമായില്ലായെങ്കിൽ ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

ബിജു ജെ
ജോയിന്റ് സെക്രട്ടറി

ശ്രീ.കെ.പി.നസീർ
മുൻ തഹസീൽദാർ (Rtd.)
ദേവികുളം
ഇടുക്കി ജില്ല

ഇടുക്കി ജില്ലാ കളക്ടർ മുഖേന





Generated from eOffice by VINODINI.S, LR (D6).CLR, LR(D6) CLR, LAND REVENUE COMMISSIONERATE on 29/07/2024 05:07 PM